## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1936 — 22.3.2012-ൽ മറുപടിക്ക്.

### കണ്ണൂർ വിമാനത്താവളം നിർമ്മിക്കുന്നതിനായി ഭൂമി കൈമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.അൻവർ സാദത്ത്:<br>ശ്രീ.ഹൈബി ഈഡൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം നിർമ്മിക്കുന്നതിനായി രൂപീകരിച്ച കമ്പനിക്ക് ഭൂമി കൈമാറിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എത്ര ഏക്കർ ഭൂമി കൈമാറുവാനാണ് നിശ്ചയിച്ചിട്ടുള്ളത്; കൈമാറ്റനടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ: | (ബി) | കണ്ണൂർ വിമാനത്താവളത്തിനു വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 2200 ഏക്കർ ഭൂമിയിൽ 192.18 ഏക്കർ ഭൂമി ഒന്നാംഘട്ടമായി 2001-2002 കാലഘട്ടത്തിൽ സർക്കാർ നേരിട്ട് ഏറ്റെടുത്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ സർക്കാർ ഏറ്റെടുത്ത 192.18 ഏക്കർ ഭൂമി നേരിട്ട് കണ്ണൂർ വിമാനത്താവള കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത 1085.60 ഏക്കർ ഭൂമിയിൽ നിന്നും 453 ഏക്കർ ഭൂമി കമ്പനിക്ക് കൈമാറാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. കൈമാറ്റ നടപടി പുരോഗമിക്കുന്നു. |
| (സി) | എയർപോർട്ടിന്റെ റൺവേയുടെ നീളം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കമ്പനിയ്ക്ക് നൽകുന്ന ഭൂമിയിൽ റൺവേ നിർമ്മാണം | (സി) | 2005 ലെ സാങ്കേതിക സാമ്പത്തിക സാദ്ധ്യതാ റിപ്പോർട്ടിൽ എയർപ്പോർട്ടിന്റെ |

| | | | |
|---|---|---|---|
| | നടത്തുവാനാകുമെന്ന് വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ? | | റൺവേയുടെ നീളം 3400 മീറ്റർ ആയി നിശ്ചയിച്ചിട്ടുണ്ട്. ഇതുവരെയായി ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ റൺവേ നിർമ്മിക്കാമെങ്കിലും അനുബന്ധ സൗകര്യങ്ങളായ സുരക്ഷിത മേഖല, അപ്രോച്ച് ലൈറ്റിംഗ് തുടങ്ങിയവക്കായി ഏകദേശം 1600 മീറ്റർ നീളത്തിനായി 150 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് 150 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ